# സീതാറാമിന് ഒരു കത്ത്

പ്രിയ വത്സരേ,

പൂങ്കുന്നം അഥവാ പുഷ്പഗിരിയിലെ നമ്മുടെ ആരൂഢമായ ക്ഷേത്രത്തെ നിത്യവും പ്രഭാതത്തിൽ നിരവധി വാഹനങ്ങൾ ഭക്തിസാന്ദ്രമായി വലംവയ്ക്കുന്നുണ്ടല്ലൊ. ആപ്പീസുകൾ, കച്ചവടസ്ഥാപനങ്ങൾ, വ്യവഹാരക്കോടതികൾ എന്നിവിടങ്ങളിലേക്ക് ഗമിക്കുന്നതിനു മുന്നോടിയായി നമ്മുടെ അനുഗ്രഹത്തിനായാണ് ഈ വൃഥാ പ്രയാണം എന്നു നാം അറിയുന്നു. വിലപിടിച്ച ഇന്ധനം ഇവ്വിധം ദുർവ്യയം ചെയ്യില്ലെങ്കിലും നമ്മുടെ അനുഗ്രഹം നിങ്ങൾക്കെല്ലാം എപ്പോഴും ഉണ്ടായിരിക്കും. ഇക്കൂട്ടത്തിൽ നമ്മെ സ്ഥിരമായി പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുന്ന സീതാറാം കമ്പനി വക ചില ശകടങ്ങളെ നാം ത്രേതായുഗത്തിൽ തന്നെ കണ്ടു പരിചയമുള്ളവയാകുന്നു. അവറ്റകളുടെ നാസാരന്ധ്രങ്ങളിൽ നിന്ന് ഉൽഗമിക്കുന്ന ധൂമജാലം സാക്ഷാൽ ശകടാസുരനെപ്പോലും പായിക്കാൻ പര്യാപ്തമാണ്. നാമും നമ്മുടെ സഹവർത്തികളായ ദേവഗണങ്ങളും കലശലായി പൊറുതി മുട്ടിയിരിക്കുന്ന വിവരം പ്രിയ വത്സർ ശ്രദ്ധിക്കണം. ദയവായി നമ്മെയും പരിസരത്തെയും ഈ ഭക്തി പീഡനത്തിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.




എന്ന്,

ശ്രീരാമചന്ദ്രഭഗവാൻ

ശ്രീരാമസ്വാമിക്ഷേത്രം, പൂങ്കുന്നം, തൃശ്ശൂർ